**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1881** — **13-02-2025 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ പദ്ധതിയ്ക്ക് 08.05.2023 ലെ സ.ഉ.(സാധാ)നം.126/2023/S&YA പ്രകാരം 25 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു .<br><br>പ്രസ്തുത പദ്ധതിയിൽ മൾട്ടീപർപ്പസ് ഇൻഡോർ സ്റ്റേഡിയം, പരിശീലന നീന്തൽക്കുളം, ഹോസ്റ്റൽ (ഗേൾസും ബോയ്സും), സ്റ്റെപ്പ് ഗ്യാലറി, സിന്തറ്റിക് ട്രാക്ക് 200 മീ., 7's നാചറൽ ടർഫ് എന്നിവയാണ് പ്രധാന ഘടകങ്ങൾ. പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കി 19.09.2023 ന് കിഫ്ബിയിൽ സമർപ്പിക്കുകയും 27.7 കോടി രൂപയ്ക്ക് നിബന്ധനകൾക്ക് വിധേയമായി സാമ്പത്തികാനുമതി 13.03.2024 ന് ലഭിക്കുകയും ചെയ്തിരുന്നു.<br><br>നിർദ്ദിഷ്ട സാമ്പത്തികാനുമതിയുടെ ഉത്തരവിനോടൊപ്പം DAR (Detailed Appriasal Report) കൂടി കിഫ്ബി നല്കിയിരുന്നു. അതിൽ എസ്.പി.വി-യായ സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി എടുക്കുന്നതിനു മുൻപായി DAR-ൽ പറഞ്ഞ കാര്യങ്ങൾ പാലിക്കേണ്ടതാണെന്ന് പരാമർശിച്ചിരുന്നു. അതിൻ പ്രകാരം പദ്ധതിയിലെ ഘടകങ്ങളുടെ സ്ട്രക്ച്ചറൽ ഡിസൈനിന്റെ മോഡൽ പരിശോധനയ്ക്കായി കിഫ്ബി ഡിസൈൻ വിംഗിന് 30.05.2024 ൽ സമർപ്പിക്കുകയും, കിഫ്ബി സ്ട്രക്ച്ചറൽ ഡിസൈൻസ് പരിശോധിച്ച ശേഷം 10.09.2024, 30.11.2024 തീയതികളിൽ റിപ്പോർട്ട് സ്പോർട്സ് കേരള ഫൗണ്ടേഷന് നൽകുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം സ്ട്രക്ച്ചറൽ ഡിസൈനിൽ വരുത്തേണ്ട മാറ്റങ്ങൾ വരുത്തി സ്പോർട്സ് കേരള ഫൗണ്ടേഷൻ 16.11.2024, 03.01.2025 തീയതികളിൽ കിഫ്ബിയിൽ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുകയും, കിഫ്ബി 23.01.2025 ന് ഡിസൈനിന് അനുമതി നൽകുകയും ചെയ്തിരുന്നു. തുടർന്ന് സ്പോർട്സ് കേരള ഫൗണ്ടേഷൻ 10.02.2025 ൽ കൂടിയ സാങ്കേതികാനുമതി കമ്മിറ്റിയിൽ പ്രസ്തുത പ്രവൃത്തി കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ ധനാനുമതി ലഭിച്ചിട്ടുണ്ടോ; ഭരണാനുമതി തുക സംബന്ധിച്ചും പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഘടകങ്ങൾ സംബന്ധിച്ചുമുള്ള വിശദാംശം നൽകുമോ; | (ബി) | കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ പദ്ധതിയ്ക്ക് 08.05.2023 ലെ സ.ഉ.(സാധാ)നം.126/2023/S&YA പ്രകാരം 25 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു .<br><br>പ്രസ്തുത പദ്ധതിയിൽ മൾട്ടീപർപ്പസ് ഇൻഡോർ സ്റ്റേഡിയം, പരിശീലന നീന്തൽക്കുളം, ഹോസ്റ്റൽ (ഗേൾസും ബോയ്സും), സ്റ്റെപ്പ് ഗ്യാലറി, സിന്തറ്റിക് ട്രാക്ക് 200 മീ., 7's നാച്വറൽ ടർഫ് എന്നിവയാണ് പ്രധാന ഘടകങ്ങൾ. പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കി 19.09.2023 ന് കിഫ്ബിയിൽ സമർപ്പിക്കുകയും 27.7 കോടി രൂപയ്ക്ക് നിബന്ധനകൾക്ക് വിധേയമായി സാമ്പത്തികാനുമതി 13.03.2024 ന് ലഭിക്കുകയും ചെയ്തിരുന്നു.<br><br>നിർദ്ദിഷ്ട സാമ്പത്തികാനുമതിയുടെ ഉത്തരവിനോടൊപ്പം DAR (Detailed Appriasal Report) കൂടി കിഫ്ബി നല്കിയിരുന്നു. അതിൽ എസ്.പി.വി-യായ സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി എടുക്കുന്നതിനു മുൻപായി DAR-ൽ പറഞ്ഞ കാര്യങ്ങൾ പാലിക്കേണ്ടതാണെന്ന് പരാമർശിച്ചിരുന്നു. അതിൻ പ്രകാരം പദ്ധതിയിലെ ഘടകങ്ങളുടെ സ്ട്രക്ച്റൽ ഡിസൈനിന്റെ മോഡൽ പരിശോധനയ്ക്കായി കിഫ്ബി ഡിസൈൻ വിംഗിന് 30.05.2024 ൽ സമർപ്പിക്കുകയും, കിഫ്ബി സ്ട്രക്ച്റൽ ഡിസൈൻസ് പരിശോധിച്ച ശേഷം 10.09.2024, 30.11.2024 തീയതികളിൽ റിപ്പോർട്ട് സ്പോർട്സ് കേരള ഫൗണ്ടേഷന് നൽകുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം സ്ട്രക്ച്റൽ ഡിസൈനിൽ വരുത്തേണ്ട മാറ്റങ്ങൾ വരുത്തി സ്പോർട്സ് കേരള ഫൗണ്ടേഷൻ 16.11.2024, 03.01.2025 തീയതികളിൽ കിഫ്ബിയിൽ സമർപ്പിക്കുകയും, കിഫ്ബി 23.01.2025 ന് ഡിസൈനിന് അനുമതി നൽകുകയും ചെയ്തിരുന്നു. തുടർന്ന് സ്പോർട്സ് കേരള ഫൗണ്ടേഷൻ 10.02.2025 ൽ കൂടിയ സാങ്കേതികാനുമതി കമ്മിറ്റിയിൽ പ്രസ്തുത പ്രവൃത്തി കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. |
| (സി) | പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും നടപടികൾ ത്വരിതപ്പെടുത്തുമോയെന്നും വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് നടപടികളിലേയ്ക്ക് കടക്കുന്നതിന് മുൻപ് പി. ഇ.ഡി (പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ്) കിഫ്ബിയ്ക്ക് |

| | | | |
|---|---|---|---|
| | | | സമർപ്പിക്കണം. പി.ഇ.ഡി.-യ്ക്ക് അപ്രൂവൽ ലഭ്യമായാലുടൻ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ